കേരള സർക്കാർ

# ചേന്ദമംഗലം ഗ്രാമപഞ്ചായത്ത്

# 2014-15

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

**website : www.lfa.kerala.gov.in**

**e-mail : doekm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-
ഇ.കെ.എം(പി.10)1173/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ്
കാര്യാലയം,എറണാകുളം
സിവിൽ
സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 16.07.2016

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേന്ദമംഗലം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് - 2014-15 സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2014-15 എന്നീ സാമ്പത്തികവർഷങ്ങളിലെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.-
ഇ.കെ.എം(പി.10)1173/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

തീയതി : 16.07.2016

# എറണാകുളം ജില്ലയിലെ ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

എറണാകുളം ജില്ലയിലെ ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15.01.2015 മുതൽ 31.3.2015 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. ഇതിൽ 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ലഭിച്ച മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഡി.സുരേഷ് രാജു, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തിയതി | 04.7.2016 മുതൽ 12.7.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കിഷോർ തോമസ്.എം., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീ.ജോൺസൺ.ടി.ടി., സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീ സജീവ്.എൻ.എം., സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.പ്രീതാ.എം.എം., സീനിയർഗ്രേഡ് ഓഡിറ്റർ |

.

**(ബി)നിർവ്വഹണാധികാരികൾ**

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി മണിടീച്ചർ | 1.4.2014 | 31.3.2015 |

| | | | |
|---|---|---|---|
| വൈസ് പ്രസിഡന്റ് | ശ്രീ.ബെന്നി, പുളിക്കൽ | 1.4.2014 | 31.3.2015 |
| **സ്റ്റാന്റിംഗ് കമ്മറ്റി ചെയർ പേഴ്സൺസ്** | | | |
| വികസന കാര്യം | ശ്രീമതി ലീല വിശ്വം | 1.4.2014 | 31.3.2015 |
| ക്ഷേമകാര്യം | ശ്രീ.മണി.വി.എം. | 1.4.2014 | 31.3.2015 |
| ആരോഗ്യ കാര്യം | ശ്രീമതി.റാണി തോമസ് | 1.4.2014 | 31.3.2015 |
| **സെക്രട്ടറി** | ശ്രീ.ഷിബു.എം.കെ | 1.4.2014 | 31.3.2015 |

**<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീമതി ഷീന എം | 1.4.2014 | 31.3.2015 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.മുരുകൻ.വി.എം | 1.4.2014 | 31.03.2015 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.ഷിനിൽ.കെ | 1.4.2014 | 31.03.2015 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.മേരി.ഹെലൻ ലിൻസി | 1.4.2014 | 31.03.2015 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.പി.ജി.സുഭാഷിണി | 1.4.2014 | 31-07-2014 |
| | ശ്രീമതി സ്റ്റെല്ല | 01-08-2014 | 01-10-2014 |
| | ശ്രീമതി സീത | 02.10.2014 | 31.3.2015 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ചേന്ദമംഗലം) | ശ്രീ.റിബു വർഗ്ഗീസ് | 1.4.2014 | 31.3.2015 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വടക്കുംപുറം) | ശ്രീമതി.ഷൈമ.എം.എസ് | 1.4.2014 | 31.3.2015 |
| ഹെഡ് മാസ്റ്റർ , ജി.എൽ.പി.എസ്. | ശ്രീമതി.സൂസൻ.പി. | 1.4.2014 | 31.3.2015 |
| വെറ്ററിനറി സർജൻ | ഡോ.രജന.വി | 1.4.2014 | 31.3.2015 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.അനു.ടി.കെ | 1.4.2014 | 31.3.2015 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.സുനിൽ കുമാർ | 1.4.2014 | 31.3.2015 |

.

## ഉള്ളടക്കം


| ക്രമ നം. | ഭാഗം – 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ  നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം – 2 | |
| 12 | തൊഴിൽ  നികുതി ഈടാക്കിയിട്ടില്ല. | 2-1 |
| 13 | ലൈസൻസ് കാലാവധി കഴിഞ്ഞതും ഇൻഷൂറൻസ് പരിരക്ഷയില്ലാത്തതുമായ ബോട്ട് ഉപയോഗിച്ച് ഫെറി സർവ്വീസ് നടത്തുന്നു.അപാകത | 2-2 |
| | ഭാഗം – 3 | |
| 14 | ജി.എെ.ഷീറ്റ് റൂഫിംഗ്- അധിക നിരക്ക് നല്കിയത്-84,712/- രൂപ നിരാകരിക്കുന്നു | 3-1 |
| 15 | വി.ഇ.ഒ. നടപ്പിലാക്കിയ പദ്ധതികളുടെ ഫയലുകൾ  ഓഡിറ്റിൽ  ഹാജരാക്കിയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-2 |
| 16 | ആർജ്ജിത അവധി അക്കൗണ്ട് ശരിയായ രീതിയിൽ  എഴുതി സൂക്ഷിക്കുന്നില്ല | 3-3 |
| 17 | തെരുവ് വിളക്ക് മെയിന്റനൻസ് – അപാകത | 3-4 |
| 18 | അങ്കണവാടികളുടെ പ്രവർത്തനം സംബന്ധിച്ച് | 3-5 |
| | ഭാഗം – 4 | |
| 19 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 20 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 21 | മൊബിലൈസേഷൻ  അഡ്വാൻസ് നൽകിയത് | 4-3 |
| 22 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 23 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 24 | ഓഡിറ്റ് റിക്കവറി | 4-6 |
| 25 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 26 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 27 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 28 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2014-15 | അനുബന്ധം.1 |
| 29 | ബാലൻസ് ഷീറ്റ് 2014-15 | അനുബന്ധം.2 |
| 30 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2014-15 | അനുബന്ധം.3 |
| 31 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2014-15 | അനുബന്ധം.4 |


# ഭാഗം -1

# പൊതു അവലോകനം

# പൊതു അവലോകനം

## 1-1 ബജറ്റ്

**2014-15** വർഷത്തെ ബജറ്റ് **25.02.2014** തീയതിയിലെ ഒന്നാം തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ വലിയ അന്തരമുണ്ട്. വിശദവിവരം ചുവടെചേർക്കുന്നു.

| ക്രമനം | വരവ് | | ചെലവ് | |
|---|---|---|---|---|
| 1 | ബജറ്റ് വരവ് | 9,98,95,737 | ബജറ്റ്ചെലവ് | 9,50,86,750 |
| 2 | യഥാർത്ഥ വരവ് | 6,53,60,743 | യഥാർത്ഥ ചെലവ് | 5,93,50,688 |
| 3 | വ്യത്യാസം | 3,45,34,994 | വ്യത്യാസം | 3,57,36,062 |
| 4 | ശതമാനം | 34.57% | ശതമാനം | 37.58% |

യഥാർത്ഥ വരവ്-ചെലവ് ബജറ്റ് വരവു ചെലവുകളുമായി പൊരുത്തപ്പെടുന്നില്ല. ബജറ്റ് തയ്യാറാക്കേണ്ടത് പ്രായോഗികതലത്തിൽ നിന്നുകൊണ്ടായിരിക്കണം.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2015 | 25/06/2015 | 22.9.2015 | 03-10-2015 |

.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|
| **2014-15** | KSA-EKM(PG) 1481 (18)/ 2015 dated 11.12.15 |

## 1-4 സാമ്പത്തിക വിശകലനം

| 2014-2015 | |
|---|---|
| മുന്നിരിപ്പ് | 1,29,28,326 |
| വരവ് | 65,360,743 |
| ആകെ | 7,82,89,069 |
| ചെലവ് | 5,93,50,688 |
| നീക്കിയിരിപ്പ് | 1,89,38,381 |

## 1-5 ഫണ്ട് വിനിയോഗം

**2014-2015**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 25,96,911 | 83,33,000 | 1,09,29,911 | 88,67,659 | 20,62,252 | 81.13 |
| വികസനഫണ്ട് എസ്.സി.പി. | 23,50,883 | 31,87,000 | 55,37,883 | 44,91,792 | 10,46,091 | 81.11 |
| വികസനഫണ്ട് ടി.എസ്.പി. | - | 2000 | 2000 | 2000 | - | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | - | 48,89,701 | 48,89,701 | 47,35,868 | 1,53,833 | 96.85 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 67977 | 33,20,149 | 33,88,126 | 25,30,924 | 8,57,202 | 74.69 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,59,745 | 60,67,358 | 62,27,103 | 54,43,104 | 7,83,999 | 87.41 |
| പെർഫോമൻസ് ഗ്രാന്റ് | 5,89,984 | 29,17,000 | 35,06,984 | 5,88,735 | 29,18,249 | 16.79 |
| എം.എൻ.ആർ.ഇ. ജി.എസ്. | - | 7,77,082 | 7,77,082 | 7,77,082 | - | 100 |
| ബി ഫണ്ട് | | 1,84,15,432 | 1,84,15,432 | 1,84,15,432 | - | 100 |

## 1-6. പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

**2014-2015**

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ട്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 60 | 1,93,08,910 | 55 | 1,69,62,947 | 4 | 1 | 85 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് **2014-15**സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം.**51.50(+)**.ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3349509 | 52,57,967 | 19,08,458 | 56.98%(+) |
| നികുതിയേതര വരവുകൾ | 5,16,354 | 7,62,969 | 2,46,615 | 47.76%(+) |
| മറ്റുവരവുകൾ | 1,21,831 | 20,242 | 1,01,589- | 83.39%(-) |
| ആകെ | 39,87,694 | 60,41,178 | 20,53,484 | 51.50%(+) |

## 1-8 ക്ഷേമപദ്ധതികൾ

**2014-2015**-ൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,27,560 | 72 |
| കർഷകതൊഴിലാളി പെൻഷൻ | 5,48,787 | 73 |
| വിധവാപെൻഷൻ | 1,04,82,805 | 1221 |
| വാർദ്ധക്യകാലപെൻഷൻ | 27,38,490 | 970 |
| വികലാംഗപെൻഷൻ | 31,45,490 | 310 |
| 50-വയസിനുമേൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 10,34,670 | 130 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 3,00,000 | 10 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന **12-07-2016-** ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7636/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 .ആഭ്യന്തരനിയന്ത്രണം-

ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമാണ്. ജനങ്ങൾക്ക് ക്രമ പ്രകാരം സേവനങ്ങൾ ലഭിക്കുന്നുണ്ട്. ലേലം രജിസ്റ്റർ പൂർണ്ണമല്ല.ലേലത്തിൽ പങ്കെടുത്തവരുടെ പൂർണ്ണ വിവരങ്ങൾ ലേല ഡയറിയിൽ ചേർത്തിട്ടില്ല. ഡി&ഒ ലൈസൻസ് രജിസ്റ്റർ ക്രമ പ്രകാരം എഴുതി സൂക്ഷിക്കുന്നുണ്ട്. ഇൻക്യുംബെൻസി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം-

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06-06-16 മുതൽ 08-06-16 വരെ | 01-04-2016 മുതൽ 31-05-2016 വരെ | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.1.12 മുതൽ 27.1.12 വരെ | 2010-11 | 23-03-2012 |

.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ചേന്ദമംഗലം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള BSNL ഓഫീസിൽനിന്നും 2014-15 സാമ്പത്തിക വർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കൂടാതെ ചേന്ദമംഗലം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റൂറൽ ഹൗസിങ്ങ് സൊസൈറ്റി എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും 2014-15 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

## 2-2 ലൈസൻസ് കാലാവധി കഴിഞ്ഞതും ഇൻഷൂറൻസ് പരിരക്ഷയില്ലാത്തതുമായ ബോട്ട് ഉപയോഗിച്ച് ഫെറി സർവ്വീസ് നടത്തുന്നു.അപാകത

ചേന്ദമംഗലം ഗ്രാമ പഞ്ചായത്തിലെ കുറുമ്പതുരുത്ത്, ഗോതുരുത്ത് ദ്വീപുകളെ ബന്ധിപ്പിക്കുന്ന ഫെറി, കരാർ വ്യവസ്ഥകൾ പാലിക്കാതെയാണ് സർവ്വീസ് നടത്തുന്നത്. ഇതിന്റെ ലേല നടപടികളിലും നടത്തിപ്പിലുമുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗോതുരുത്ത് - കുറുമ്പതുരുത്ത് ഫെറി സർവ്വീസ് 01.04.14 മുതൽ 31.03.17 വരെ മൂന്ന് വർഷത്തേക്ക് സർവ്വീസ് നടത്തുന്നതിന് 14.03.14 ന് ലേലം നടത്തിയെങ്കിലും കാട്ട് ചെയ്ത

തുക മുൻ വർഷത്തേക്കാൾ കുറവായതിനാൽ 22.03.14 ന് പുനർലേലം നടത്തി. ഇതിൽ ഉയർന്ന തുക (3,26,555 രൂപ) ക്വാട്ട് ചെയ്ത സൈമൺ സെൽവൻ, കോണത്ത് എന്നയാൾക്ക് താല്കാലികമായി കരാർ നൽകി. സാങ്കേതിക തടസ്സം ഉള്ളതിനാൽ ഫെറി സർവ്വീസ് ഏറ്റെടുത്ത് നടത്താൻ കഴിയില്ലെന്ന് അറിയിച്ചതിനാൽ ശ്രീ.സൈമണ് നൽകിയ കരാർ റദ്ദാക്കി രണ്ടാമത്തെ ഉയർന്ന തുകയായ 2,76,334 രൂപ ക്വാട്ട് ചെയ്ത ജോസഫ്.കെ.ആർ. കളരിത്തറ എന്നയാൾക്ക് കരാർ നൽകി. എന്നാൽ കരാർ തുകയിൽ കുറവു വന്ന 50,221 രൂപ ഒന്നാം കരാറുകാരനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികളൊന്നും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ടിയാന്റെ EMD തുക കണ്ടുകെട്ടുകയും പഞ്ചായത്തിന്റെ വിവിധ ലേലങ്ങളിൽ പങ്കെടുക്കുന്നതിൽനിന്നും ബ്ലാക്ക് ലിസ്റ്റ് ചെയ്യേണ്ടതുമാണ്.

2. ഫെറി സർവ്വീസിന്റെ ലേല വ്യവസ്ഥയിലെ നിബന്ധന 5 പ്രകാരം ബോട്ടിന് കനാൽ രജിസ്ട്രേഷൻ ആക്റ്റ് അനുസരിച്ചുള്ള ലൈസൻസും ഫിറ്റ്നസ് സർട്ടിഫിക്കറ്റും വേണം. 2010 ലെ കേരള ഇൻലാന്റ് വെസ്സൽസ് റൂൾ 12 അനുശാസിക്കുന്ന സർട്ടിഫിക്കറ്റുള്ള യാന പാത്രങ്ങൾക്കു് മാത്രമേ ജലഗതാഗതം നടത്തുന്നതിന് അനുവാദമുള്ളൂ. എന്നാൽ കൊടുങ്ങല്ലൂർ പോർട്ടിൽ KIV/KDR/PV/0041/10 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ആദിത്യ എന്ന ഈ ബോട്ടിന് 15.11.2015 വരെ മാത്രമാണ് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത്.
3. സർവ്വീസ് നടത്തുന്ന ബോട്ടിന് 11,00,000 രൂപയുടെ മൂന്നാം കക്ഷി ഇൻഷൂറൻസ് പരിരക്ഷക്ക് 3..10.15 വരെയാണ് കാലാവധിയുള്ളത്. ഇതിനുശേഷം പോളിസി പുതുക്കിയതിന്റെ രേഖകളൊന്നും പരിശോധനക്ക് ലഭ്യമായില്ല.

മേല്പറഞ്ഞ അപാകതകൾ അടിയന്തിരമായി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ജി.എെ.ഷീറ്റ് റൂഫിംഗ്- അധിക നിരക്ക് നല്കിയത്-84,712/- രൂപയുടെ ചെലവ് നിരാകരിക്കുന്നു

പഞ്ചായത്തിൽ 2014-15 വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ റൂഫിംഗ് പ്രവൃത്തികളിൽ GI corrugated sheet ഉപയോഗിച്ചുള്ള roofingന് 0.8mm കനമുള്ള ഷീറ്റാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് 0.4mm കനമുള്ള GI corrugated sheet ഉപയോഗിച്ചുള്ള പ്രവൃത്തിയെന്നാണ്. എന്നാൽ 0.8mmGI corrugated sheet ന്റെ നിരക്കാണ് നൽകിയിരിക്കുന്നത്. 0.8mm കനമുള്ള GI ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിംഗിന് നൽകിയ നിരക്ക് - 6829രൂപ/10ച.മീ ആണ്.(കരാർ പ്രവൃത്തി). അസിസ്റ്റന്റ് എഞ്ചിനീയർ ഈ നിരക്ക് കണക്കാക്കിയത് താഴെ പറയുംപ്രകാരമാണ്.

| ഇനം | അളവ് | നിരക്ക് / യൂണിറ്റ് | തുക ₹ |
|---|---|---|---|
| 0.8mmGI ഷീറ്റ് 11.5 ച.മീ | 86kg | 53406/ടൺ | 4592.92 |

| | | | |
|---|---|---|---|
| കടത്ത് കൂലി | 86kg | 323/ടൺ | 27.78 |
| carpenter | 1.35 Nos | 500/each | 675 |
| man | 1.35 Nos | 377/each | 508.95 |
| GI hook,washer, nut,bolt etc 22 Nos | LS 1kg | 81/kg | 133.65 |
| | | | 5938.30 |
| 15% CP+OH | | | 890.74 |
| ആകെ 10 ച.മീറ്ററിന് | | | 6829.04രൂപ |

0.8mmGI corrugated sheet വിപണിയിൽ ലഭ്യമല്ല. യഥാർത്ഥത്തിൽ ഉപയോഗിച്ചിരിയ്ക്കുന്നത് 0.4mm ഷീറ്റാണെന്നിരിക്കെ മേൽപറഞ്ഞ നിരക്ക് അനുവദനീയമല്ല. മേൽപറഞ്ഞ ഡാറ്റ പ്രകാരം 11.5 ച.മീ.0.8mmGI ഷീറ്റിന് 86 kg ആണ് തൂക്കം. അതനുസരിച്ച് 11.5 ച.മീ. 0.4mm ഷീറ്റിന്റെ തൂക്കം 86/0.8 x 0.4 = 43 kg ആണ്. ഇതു പ്രകാരം നൽകാവുന്ന നിരക്ക് താഴെ പറയുന്നു.

| ഇനം | അളവ് | നിരക്ക് /യൂണിറ്റ് | തുക ₹ |
|---|---|---|---|
| 0.4mmGI ഷീറ്റ് 11.5 ച.മീ | 43kg | 53406/ടൺ | 2296.45 |
| കടത്ത് കൂലി | 43kg | 323/ടൺ | 13.88 |
| carpenter | 1.35 Nos | 500/each | 675 |
| man | 1.35 Nos | 377/each | 508.95 |
| GI hook,washer, nut,bolt etc 22 Nos | LS 1kg | 81/kg | 133.65 |
| | | | 3627.93 |
| 15% CP+OH | | | 544.18 |
| ആകെ 10 ച.മീറ്ററിന് | | | 4172.11രൂപ |

അധികം നൽകിയത്(10 ചതുരശ്ര മീറ്ററിന്) 6829 – 4172 = 2657രൂപ.

പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നമ്പർ/പേര് | എം.ബുക്ക് നമ്പർ/ ഐറ്റം നമ്പർ | കരാറുകാരൻ | റൂഫിങ്ങിന്റെ അളവ് | അധികം നൽകിയത് (2657/10m2) | ചെലവ് വിവരം |
|---|---|---|---|---|---|---|
| 1 | എസ് 0030/15 അംഗനവാടി മെയിന്റനൻസ് വാർഡ് - 4,10,16,18 | 513/13-14 ഐറ്റം നമ്പർ - Appendix A, ഐറ്റം നമ്പർ-9 | കെ.ആർ.സുജീവ്, കണ്ണാംപറമ്പിൽ | 54.59m2 | 14,504.00 | 2,91,525.00 (ബിൽ നമ്പർ-37/14-15 തിയതി 30.03.15) |

| | | | | | | |
|---|---|---|---|---|---|---|
| 2 | എസ് 0030/15 അംഗനവാടി മെയിന്റനൻസ് വാർഡ് - 4,10,16,18 | 513/13-14 ഐറ്റം നമ്പർ - Appendix C, ഐറ്റം നമ്പർ-5 | കെ.ആർ.സുജീവ്, കണ്ണാംപറമ്പിൽ | 24.18m2 | 6425.00 | 2,91,525.00 (ബിൽ നമ്പർ-37/14-15 തിയതി 30.03.15) |
| 3 | എസ് 0114/15 ആയുർവേദ ആശുപത്രി മെയിന്റനൻസ് (വാർഡ് 16) | 494/13-14 ഐറ്റം നമ്പർ-8 | ശ്യാം.കെ.ടി, കൊറ്റിയാടത്ത്. | 68.31m2 (11%below) | 16,154.00 | 1,71,917.00 (ബിൽ നമ്പർ 21/14-15 തിയതി 30.03.15) |
| 4 | എസ് 0104/15 PHC മെയിന്റനൻസ് (വാർഡ് 9) | 446/13-14 ഐറ്റം നമ്പർ-15 | വിൻസന്റ് | 179.26m2 | 47,629.00 | 2,20,408.00 (ബിൽ നമ്പർ 14/14-15 തിയതി 30.03.15) |
| 5 | എസ് 0101/15 കമ്മ്യൂണിറ്റി ഹാൾ അറ്റകുറ്റപണി (വാർഡ് 5) | 514/13-14 ഐറ്റം നമ്പർ-13 | ശ്യാം.കെ.ടി, കൊറ്റിയാടത്ത്. | 190.79 m2 | 50,693.00 | 1,60,302.00 (ബിൽ നമ്പർ 36/14-15 തിയതി 30.03.15 – പാർട്ട് ബിൽ) |
| | ആകെ നഷ്ടം | | | | 1,35,405.00 | |

പഞ്ചായത്ത് ഫണ്ടിന് ആകെ 1,35,405 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെങ്കിലും ക്രമ നമ്പർ 5 ന്റെ ഫൈനൽ പെയ്മെന്റ് 2015-16 സാമ്പത്തിക വർഷത്തിലായതിനാൽ 2014-15 ഓഡിറ്റ് റിപ്പോർട്ടിലെ ചെലവ് നഷ്ടത്തിൽ ഉൾപ്പടുത്തുന്നില്ല. 2014-15 സാമ്പത്തിക വർഷത്തെ നഷ്ടം 84,712/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 വി.ഇ.ഒ നടപ്പിലാക്കിയ പദ്ധതികൾ - ഫയലുകൾ ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു

2014-15 വർഷം വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളുടെ ഫയലുകളും അനുബന്ധ രേഖകളും ഓഡിറ്റിന് ഹാജരാക്കിയില്ല.വിശദ വിവരം താഴെ ചേർക്കുന്നു.

| പദ്ധതി നം/പേര് | ചെലവഴിച്ച തുക | ബിൽ നം./ തീയതി |
|---|---|---|
| വിവാഹ ധനസഹായം(എസ് സി) | 100000<br>100000<br>100000<br>---------<br>300000 | 4/14-15/22.09.14<br>19/14-15/05.1.15<br>20/14-15/05.1.15 |

| | | |
|---|---|---|
| ഗാർഹിക കുടിവെള്ള കണക്ഷൻ(എസ്.സി) | 90000 | 09/14-15/29.10.14 |
| വീട് റിപ്പയർ(ജനറൽ) | 9500 | 3/14-15/27.08.14 |
| വീട് റിപ്പയർ(എസ്.സി) | 15000<br>90000<br>75000<br>135000<br>125000<br>140000<br>----------<br>580000 | 1/14-15-27.08.14<br>5/14-15-22.09.14<br>7/14-15-31.10.14<br>13/14-15-25.11.14<br>16/14-15-15.12.14<br>23/14-15-16.1.15 |
| ഗാർഹിക കുടിവെള്ള കണക്ഷൻ(ജനറൽ) | 120000<br>90000<br>90000<br>120000<br>150000<br>----------------<br>570000 | 11/14-15/14.11.14<br>05/14-15/22.09.14<br>13/14-15/21.11.14<br>17/14-15/15.12.14<br>18/14-15/05.12.14 |
| ഓട്ടോ റിക്ഷ വാങ്ങൽ ധനസഹായം(എസ്.സി) | 100000 | 21/14-15/16.1.15 |
| കക്കൂസ് നിർമ്മാണം(എസ്.സി) | 80000 | 22/14-15/16.1.15 |
| മാലിന്യ മുക്ത ഗോതുരുത്ത് | 235625 | 12/14-15/14.11.14 |
| വീട് വൈദ്യുതീകരണം(എസ്.സി) | 25000 | 08/14-15/29.10.14 |
| വീട് വൈദ്യുതീകരണം(ജനറൽ) | 12000 | 15/14-15/15.12.14 |
| ആകെ | 2002125 | |

മേൽ ചെലവുകളുടെ ഫയലുകൾ ഓഡിറ്റിൽ ഹാജരാക്കാത്തതിനാൽ 20,02,125/- രൂപ തടസ്സപ്പെടുത്തുന്നു. ഫയലുകൾ ഓഡിറ്റിന് ഹാജരാക്കാതിരുന്നത് ഗുരുതരവീഴ്ചയാണ്. ഈ ഉദ്യോഗസ്ഥനെതിരെ ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 ആർജ്ജിത അവധി അക്കൗണ്ട് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല

ചേന്ദമംഗലം ഗ്രാമ പഞ്ചായത്തിലെ 12 ജീവനക്കാരുടെ 2014 ജനുവരി മുതൽ ജൂലൈ വരെയുള്ള ക്ഷാമബത്ത കുടിശ്ശിക 10% പ്രോവിഡന്റ് ഫണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് 2014 ജൂലൈ 15 തീയതിയിലെ വൌച്ചർ നമ്പർ 21400329 പ്രകാരം 83,843 രൂപ ചെലവ് ചെയ്തിട്ടുണ്ട്. 2014 ജനുവരി മുതൽ ജൂലൈ വരെയുള്ള ശമ്പളത്തിന്റെയും ഈ മാസങ്ങളിലെ സറണ്ടർ ലീവ് സാലറിയുടെയും കുടിശ്ശികയാണ് ഇതുപ്രകാരം പി.എഫിൽ നിക്ഷേപിച്ചിരിക്കുന്നത്. എന്നാൽ പഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി.സുനി.ഐ.ആർ ഈ മാസങ്ങളിൽ സറണ്ടർ ചെയ്ത് ലീവ് സാലറി കൈപ്പറ്റിയിട്ടില്ലെങ്കിലും ജീവനക്കാരിയുടെ സറണ്ടർ ലീവ് സാലറിയുടെ കുടിശ്ശികയായി 944 രൂപയും പി.എഫിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. മാത്രവുമല്ല ഈ ജീവനക്കാരിയുടെ സർവീസ് ബുക്കിലെ ലീവ് അക്കൌണ്ട് ശരിയായ രീതിയിലല്ല രേഖപ്പെടുത്തിയിരിക്കുന്നത്. സർവ്വീസിൽ പ്രവേശിച്ച് ഒരു വർഷം പൂർത്തിയാകുമ്പോൾ 1/22 പ്രകാരം ഏൺഡ് ലീവ് ക്രെഡിറ്റ് ചെയ്യുന്നതിനു പകരം സർവ്വീസിൽ പ്രവേശിച്ച 24.12.2009 മുതൽ ആ സാമ്പത്തിക വർഷത്തിന്റെ അവസാനം വരെയുള്ള ദിവസത്തേക്ക് 1/22 പ്രകാരവും തുടർന്നുള്ള ദിവസങ്ങളിലേക്ക് 1/11 പ്രകാരവുമാണ് ഏൺഡ് ലീവ് അനുവദിച്ചിരിക്കുന്നത്. 24.12.2009 മുതൽ 31.03.2010 വരെ 98 ദിവസമുണ്ടെന്നിരിക്കെ ലീവ്

അക്കൌണ്ടിൽ 67 ദിവസമെന്നാണ് കാണിച്ചിരിക്കുന്നത്. കൂടാതെ ഏൺഡ് ലീവ് ശരിയായ രീതിയിൽ ക്രെഡിറ്റ് ചെയ്യാത്തതുമൂലം 2014-15 സാമ്പത്തിക വർഷത്തിൽ ലീവ് നീക്കിയിരിപ്പില്ലന്ന ധാരണയിൽ സറണ്ടർ ചെയ്യുന്നതിന് ജീവനക്കാരി അപേക്ഷിച്ചില്ല. മേൽപറഞ്ഞ ജീവനക്കാരിയുടെ അക്കൌണ്ടിൽ അധികമായി ക്രെഡിറ്റ് ചെയ്ത 944 രൂപ തുടർന്നുള്ള ക്ഷാമ ബത്ത കുടിശ്ശിക ക്രെഡിറ്റ് ചെയ്യുമ്പോൾ ക്രമീകരിക്കേണ്ടതാണ്. കൂടാതെ ജീവനക്കാരുടെ ലീവ് അക്കൗണ്ട് ശരിയായി എഴുതി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-4 തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ -അപാകത

ചേന്ദമംഗലം ഗ്രാമ പഞ്ചായത്തിൽ 2014 - 15 സാമ്പത്തിക വർഷത്തിൽ 01.04.2014 മുതൽ 15.08.2014 വരെ 1,06,168 രൂപയും 16.08.14 മുതൽ 31.03.2015 വരെ 1,24,588 രൂപയുമാണ് സ്ട്രീറ്റ് ലൈറ്റിന്റെ കറണ്ട് ചാർജ് ഒടുക്കിയിരിക്കുന്നത്. 16.08.2014 മുതൽ കറണ്ട് ചാർജ് പുതുക്കി, KSEB നൽകിയ ഇൻവോയ്സ് കാർഡ് പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലെ സ്ട്രീറ്റ് ലൈറ്റിന്റെ എണ്ണവും നിരക്കും താഴെ പറയും പ്രകാരമാണ് .

| ഇനം | വാട്ട്സ് | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| ഓർഡിനറി ബൾബ് | 40 | 625 | 61.00 | 38,125.00 |
| സി.എഫ്.എൽ | 11x2 | 461 | 14.00 | 6454.00 |
| സോഡിയം വേപ്പർ ലാമ്പ് | 150 | 40 | 247.00 | 9880.00 |
| ഫ്ലൂറസന്റ് ട്യൂബ് | 40x2 | 264 | 124.00 | 32736.00 |
| ഫ്ലൂറസന്റ് ട്യൂബ് | 40x1 | 613 | 61.00 | 37393.00 |
| ആകെ | | | | 1,24,588.00 |

2014 – 15 സാമ്പത്തിക വർഷത്തെ പ്രോജക്റ്റ് നമ്പർ എസ് 001/15 "തെരുവ് വിളക്ക് മെയിന്റനൻസ്" പദ്ധതിയിലൂടെ തെരുവ് വിളക്ക് മെയിന്റനൻസിനായി ഇലക്ട്രോ മെക്ക്, എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും 1,99,998 രൂപ ചെലവിൽ 14.11.2014തിയതിയിൽ താഴെ പറയും പ്രകാരം ഇലക്ട്രിക് സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

| ഇനം | എണ്ണം |
|---|---|
| CFL ബൾബ് (ബജാജ്) | 900 |
| ഷെയ്ഡ് പ്ലാസ്റ്റിക് വൈറ്റ് | 540 |
| ട്യൂബ് 40 W | 900 |
| സ്റ്റാർട്ടർ ഫിലിപ്സ് | 558 |
| പെന്റന്റ് ഹോൾഡർ | 612 |
| റോട്ടോർ ഹോൾഡർ | 543 |
| ബല്ലാസ്റ്റ് സ്ലിം സ്റ്റാർ | 324 |

പഞ്ചായത്ത് ബൾബുകളും അനുബന്ധ സാധനങ്ങളും വാങ്ങി നൽകുകയും കേടായവ മാറ്റി സ്ഥാപിക്കുന്നതിന് പ്രത്യേകം ക്വട്ടേഷൻ നൽകുകയുമാണ് ചെയ്തിരിക്കുന്നത്. കേടായ സി.എഫ്.എൽ ബൾബ് മാറ്റി പുതിയത് സ്ഥാപിക്കുന്നതിന് 45 രൂപയും ട്യൂബ് മാറ്റി സ്ഥാപിക്കുന്നതിന് 98 രൂപയുമാണ് നിരക്ക്. സ്ട്രീറ്റ് ലൈറ്റിന്റെ കരണ്ട് ചാർജ് കണക്കാക്കിയതിലും മെയിന്റനൻസ് നടത്തിയതിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

1. KSEB നൽകിയിരിക്കുന്ന ഇൻവോയ്സ് പ്രകാരം 16.08.2014 മുതൽ 40w ഓർഡിനറി ബൾബുകൾ 625 എണ്ണം ഉള്ളതായി കാണിച്ചിരിക്കുന്നു. എന്നാൽ മെയിന്റനൻസിനായി വാങ്ങിയിരിക്കുന്ന ഇലക്ട്രിക്ക് സാധനങ്ങളിൽ ഓർഡിനറി ബൾബുകൾ ഉൾപ്പെടുന്നില്ല. മുൻ വർഷങ്ങളിലും ഓർഡിനറി ബൾബുകൾ വാങ്ങിയിട്ടില്ലായെന്ന് ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. ഇതിൽ നിന്നും പഞ്ചായത്ത് പരിധിയിലെ സ്ട്രീറ്റ് ലൈറ്റ് പോസ്റ്റുകളിൽ ഓർഡിനറി ബൾബുകൾ ഉപയോഗിക്കുന്നില്ലന്ന് മനസ്സിലാക്കാം. അതേ സമയം 461 പോസ്റ്റുകളിൽ രണ്ട് വീതം CFL ബൾബുകൾ ഉള്ളതായി KSEB ഇൻവോയ്സിൽ നിന്നും മനസ്സിലാക്കാം. ഇവയുടെ മെയിന്റനൻസിനായി 900 CFL ബൾബുകൾ വാങ്ങിയിട്ടുണ്ട്. മെയിന്റനൻസിനായി മുഴുവൻ ബൾബുകളും മാറ്റേണ്ട സാഹചര്യമില്ലാത്തതിനാൽ CFL ബൾബുകൾ വാങ്ങിയിരിക്കുന്നത് കൂടുതലാണെന്ന് മനസ്സിലാക്കാം. കഴിഞ്ഞ ഏതാനും വർഷങ്ങളായി ഓർഡിനറി ബൾബുകൾ വാങ്ങിയിട്ടില്ലാത്തതിനാൽ, ഇത്തരം ബൾബുകൾ ഇപ്പോൾ ഉപയോഗിക്കുന്നില്ലന്നോ CFL ബൾബുകൾ കൂടുതൽ വാങ്ങിയിരിക്കുന്നതിനാൽ ഓർഡിനറി ബൾബുകൾ സ്ഥാപിച്ചിരുന്ന പോസ്റ്റുകളിലും നിലവിൽ CFL ബൾബുകളാണ് ഉപയോഗിക്കുന്നതെന്നോ മനസ്സിലാക്കാം. അങ്ങിനെയെങ്കിൽ ഉപയോഗത്തിലില്ലാത്ത ഓർഡിനറി ബൾബുകൾക്ക് കൂടിയ നിരക്കായ 61 രൂപ വീതം നൽകിയത് ഒഴിവാക്കേണ്ടതായിരുന്നു. 625 ഓർഡിനറി ബൾബുകൾക്ക് 61രൂപ ഈടാക്കുന്നതിന് പകരം CFL നിരക്കായ 14 രൂപയെന്ന്

കണക്കാക്കിയാൽ പ്രതിമാസം 29,375 രൂപ (625x47) KSEB അധികം ഈടാക്കിയിരുന്നതായി മനസ്സിലാക്കാം.

2. KSEB ഇൻവോയ്സ് പ്രകാരം 150 വാട്സിന്റെ 40 സോഡിയം വേപ്പർ ലാമ്പുകളാണുള്ളത്, എന്നാൽ പഞ്ചായത്ത് പരിധിയിൽ 3 സോഡിയം വേപ്പർ ലാമ്പുകളുള്ളതായാണ് നേരിട്ടുള്ള അന്വേഷണത്തിൽ ബോധ്യമായത്. അങ്ങനെയെങ്കിൽ, 37 സോഡിയം വേപ്പർ ലാമ്പുകൾക്ക് 247 രൂപ നിരക്കിൽ 9139 രൂപ പ്രതിമാസം അധികം ഒടുക്കിയിരുന്നതായി മനസ്സിലാക്കാം. ജോയിന്റ് വേരിഫിക്കേഷൻ നടത്തി മീറ്റർ സ്ഥാപിച്ചതിന് ശേഷമുള്ള ഇലക്ട്രിസിറ്റി ബില്ലുകൾ മേൽപറഞ്ഞ നിരീക്ഷണങ്ങൾ ശരിയെന്ന് സ്ഥാപിക്കുന്നതാണ്. മീറ്റർ സ്ഥാപിച്ച 2016 ഏപ്രിൽ മാസം മുതലുള്ള വൈദ്യുതി ചാർജിന്റെ വിവരം താഴെ ചേർക്കുന്നു.

| വൗച്ചർ നമ്പർ | തിയതി | മാസം | തുക |
|---|---|---|---|
| 21600047 | 13.04.2016 | 2016 ഏപ്രിൽ | 97,156.00 |
| 21600088 | 09.05.2016 | 2016 മെയ് | 1,06,348.00 |
| 21600154 | 09.06.2016 | 2016 ജൂൺ | 87,755.00 |

3) പഞ്ചായത്ത് വാങ്ങി നൽകുന്ന CFL ബൾബ്, റ്റ്യൂബ് എന്നിവക്ക് ഒരു വർഷത്തെ ഗ്യാരണ്ടി ഉണ്ടെങ്കിലും ഗ്യാരണ്ടി കാലയളവിൽ കേടുപാടുകൾ സംഭവിച്ചവ തിരികെ കൊടുത്ത്, പുതിയവ വാങ്ങുന്നത് എങ്ങനെയെന്ന് വ്യക്തമല്ല. ഗ്യാരണ്ടി കാലയളവിൽ കേടാകുന്ന റ്റ്യൂബുകളും CFL ബൾബുകളും മാറ്റി സ്ഥാപിക്കുന്ന കരാറുകാരൻ, ഇവ പഞ്ചായത്തിൽ ഏല്പിച്ചതായോ ഇവയ്ക്കുപകരം റ്റ്യൂബുകളും CFL ബൾബുകളും ലഭിച്ചതായോ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വാങ്ങുന്ന ബൾബുകൾ വാർഡ് അടിസ്ഥാനത്തിൽ വീതംവെച്ച് കൊടുക്കുകയും കേടായവ മാറ്റി പുതിയത് സ്ഥാപിച്ചതായി, വാർഡ് മെമ്പർമാർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് തുക നൽകുകയുമാണ് ചെയ്യുന്നത്. ഗ്യാരണ്ടി കാലയളവിൽ കേടാകുന്ന ബൾബുകൾ മാറ്റി പുതിയവ വാങ്ങുന്നില്ല.
മേൽപറഞ്ഞ അപാകതൾ പരിഹരിച്ച്, പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകാതെ സ്ട്രീറ്റ് ലൈറ്റിന്റെ പരിപാലനം നടത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

### 3-5 അങ്കണവാടികളുടെ പ്രവർത്തനം

ചേന്ദമംഗലം ഗ്രാമപഞ്ചായത്തിൽ 28 അങ്കണവാടികളാണ് നിലവിലുള്ളത്. 2015-16 സാമ്പത്തിക വർഷം എൽ.എസ്.ജി.ഡി. എഞ്ചിനിയറിങ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നല്കിയതായി ഫയലിൽ കാണുന്നില്ല. ഫിറ്റ്നസ് സർട്ടിഫിക്കേറ്റ് ഇല്ലാതെ അങ്കണവാടികൾ പ്രവർത്തിക്കുന്നത് നിയമ വിരുദ്ധമാണ്. പഞ്ചായത്തിലെ അങ്കണവാടികളുടെ കെട്ടിടങ്ങളുടെ ഫിറ്റ്നസ് പരിശോധിച്ച് പ്രവർത്തന ക്ഷമമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം -

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക പഞ്ചായത്ത് | 2014-2015 | 240196 | സമഗ്ര ക്ഷീരവികസനം | 240196 | 00 |
| ജില്ലാ പഞ്ചായത്ത് | 2014-2015 | 2,50,000 | ശാരിരിക മാനസിക വെല്ലുവിളി നേരിടുന്ന | 2,50,000 | 00 |

| | | | | | |
|---|---|---|---|---|---|
| | | | പഠിതാക്കൾക്കുള്ള സ്കോളർഷിപ്പ് | | |
| ബ്ളോക്ക് പഞ്ചായത്ത് | 2014-2015 | 250,000 | ശാരിരിക മാനസിക വെല്ലുവിളി നേരിടുന്ന പഠിതാക്കൾക്കുള്ള സ്കോളർഷിപ്പ് | 2,50,000 | 00 |
| ബ്ളോക്ക് പഞ്ചായത്ത് | 2014-2015 | 135,000 | പെയിൻ & പാലിയേറ്റിവ് കെയർ | 85,650 | 49,350 |
| ബ്ളോക്ക് പഞ്ചായത്ത് | 2014-15 | 3,90,000 | നെല്ലിയാർകോളനിയിൽ നടപ്പാത | 3,37,180 | 52,820 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ - 2014-15

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| സി.ഡിറ്റ് | പഞ്ചായത്ത് ഓഫിസിൽ സോളാർ സ്ഥാപിക്കൽ | 21401228/ 27-03-2015 | 7,69,592 | 7,69,592 | -- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS-ഭവനം | GO(MS)564/2010/ LSGD-22/2/2010 | 11500,000 | 65,25,000 | 11,00,000 | - | 78,95,464 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ

വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 65,360,743 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,93,50,688 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 84,712 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 20,02,125 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 84,712 | ശ്രീമതി അനു.ടി<br>അസി.എൻജിനീയർ |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 20,02,125 | ശ്രീ റിബു വർഗ്ഗീസ്, വി.ഇ.ഒ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം-

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ-

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവ രുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി അനു.ടി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചേന്ദമംഗലം | കല്ലുന്തറ, മസ്ജിദ് റോഡ്, മുറവൻതുരുത്ത് വടക്കേക്കര |
| ശ്രീ.റിബു വർഗ്ഗീസ് | വി.ഇ.ഒ. ചേന്ദമംഗലം | ക്വാർട്ടേഴ്സ് നം.എക്സ്/36 FACT township |

| | | |
|---|---|---|
| | | ഏലൂർ |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ-

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1979-80 | എൽ എഫ് ഇ (പി2)946/96/തീ.04.4.97 |
| 1993-94 | എൽ എഫ് ഇ (പി2)365/97/തീ.16.6.97 |
| 1998-99 | എൽ എഫ് ഇ (പി2)910/00/തീ.09.05.01 |
| 1999-00, | എൽ എഫ് ഇ (പി2)321/01/തീ.15.09.01 |
| 2000-01 | എൽ എഫ് ഇ (പി2)1384/01/തീ.12.4.02 |
| 2001-02 | എൽ എഫ് ഇ (പി2)1057/03/തീ.14.10.03 |
| 2002-03 | എൽ എഫ് ഇ (പി6)/92/05തീ.14.10.05 |
| 2003-04 | എൽ എഫ് ഇ (പി2)1754/06/തീ.11.02.08 |
| 2004-05 | എൽ എഫ് ഇ (പി2)749/10/തീ.20.04.11 |
| 2005-06 | എൽ എഫ് ഇ (പി2)750/10/തീ.30.04.11 |
| 2006-07 | എൽ എഫ് ഇ (പി2)751/10/തീ.03.03.11 |
| 2008-09 | എൽ എഫ് ഇ (പി2)1751/11/തീ.18.04.12 |
| 2009-10 | എൽ എഫ് ഇ (പി2)1758/11/തീ.18.04.12 |
| 2011-12 | എൽ എഫ് ഇ (പി2)2234/13/തീ.13.12.13 |
| 2012-13,13-14 | എൽ എഫ് ഇ (പി10)291/2015/തീ.19.02.15 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
സംസ്ഥാനഓഡിറ്റ് വകുപ്പ്

## <u>അനുബന്ധം - 1</u>
## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2014-15</u>

നം.കെ.എസ്.എ.-ഇ.കെ.എം(പി.10)1173/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
**ഫോൺ** : 0484 – 2422271
email:doekm.ksad@kerala.gov.in
തീയതി : 16.07.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ **<u>ചേന്ദമംഗലം</u>** ഗ്രാമപഞ്ചായത്തിന്റെ **<u>2014-15</u>** വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **<u>ചേന്ദമംഗലം</u>** ഗ്രാമപഞ്ചായത്തിന്റെ **<u>2014-15-ലെ</u>** വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

# APPENDIX – II

# AUDIT CERTIFICATE – 2014-15

No.KSA-EKM(P10)1173/2016

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 16.07.2016

Certified that I have audited the Annual Financial Statement of **CHENDAMANGALAM** Grama Panchayat in Ernakulam District for the financial year ended on **31.03.2015** in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of **CHENDAMANGALAM** Grama Panchayat for the financial year **2014-15** except the observations in my audit report properly presents the picture of income and expenditure.

Deputy Director